ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ് എന്നിവയിൽ സ്വകാര്യ പങ്കാളിത്തത്തോടെ പുനരുദ്ധരിക്കാനായി പരസ്യം ചെയ്തു. ആട്ടോകാസ്റ്റ് (ബി.ഐ.എഫ്.ആർ. അനുമതിക്ക് വിധേയമായി) കെൽട്രോൺ കംപോണന്റ് കോംപ്ലക്സ്, സ്റ്റീൽ കോപ്ലക്സ്, കേരള ഗാർമെന്റ്സ്, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ എന്നിവയിൽ സ്വകാര്യ പങ്കാളിത്തത്തിന് തീരുമാനിച്ചെങ്കിലും ഇതുവരെയും പരസ്യം ചെയ്തിട്ടില്ല.

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി സർക്കാർ ഒരു എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി രൂപീകരിച്ച് അതിന്റെ ശുപാർശകൾ നടപ്പിലാക്കി വരികയായിരുന്നു. എന്നാൽ ഇപ്പോൾ ഇ.ആർ.സി. ശുപാർശകൾക്ക് ബദലായി പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി മറ്റൊരു സമീപനത്തിന് രൂപം കൊടുക്കുന്നതിനായി സർക്കാർ ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്.

മൈനിംഗ് ഏരിയാ വെൽഫെയർ ഫണ്ട് ബോർഡ്

108 [474] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനിംഗ് ഏരിയാ വെൽഫെയർ ഫണ്ട് ബോർഡ് മുഖേന കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) കഴിഞ്ഞ മൂന്നര വർഷത്തിനുള്ളിൽ വെൽഫെയർ ഫണ്ട് ബോർഡിൽ നിന്നും ചെലവഴിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(സി) മൈനിംഗ് ഏരിയാ വെൽഫെയർ ഫണ്ട് ബോർഡിന്റെ അധീനതയിലുള്ള തുക വിനിയോഗിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) ഏതെല്ലാം പഞ്ചായത്തുകളിൽ എത്ര ശതമാനം വീതം തുകയാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—ഡി) കൊല്ലം ജില്ലയിലെ തീരപ്രദേശങ്ങളിലെ കരിമണൽ ഖനനവുമായി ബന്ധപ്പെട്ടു രൂപീകരിച്ച മൈനിംഗ് ഏരിയാ വെൽഫെയർ ഫണ്ട് ബോർഡിന്റെ അദ്ധ്യക്ഷൻ കൊല്ലം ജില്ലാ കളക്ടറാണ്. ബോർഡ് യോഗം ചേർന്ന് ചർച്ച ചെയ്തു തീരുമാനിക്കുന്നതനുസരിച്ചാണ് വെൽഫെയർ ഫണ്ടിന്റെ അധീനതയിലുള്ള ഫണ്ട് വിനിയോഗിക്കുന്നത്. മൈനിംഗ് ഏരിയാ വെൽഫെയർ ഫണ്ട് ബോർഡ് മുഖേന കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ഗവൺമെന്റ് ഫിഷറീസ് ഹൈസ്ക്കൂൾ, ആലപ്പാടിന് 2,71,000 രൂപ ചിലവാക്കി ആഡിറ്റോറിയം നിർമ്മിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

2. അഴീക്കൽ പബ്ലിക്ക് ഹെൽത്ത് സെന്ററിലെ ഡോക്ടർമാർക്ക് താമസിക്കുന്നതിന് 2,50,000 രൂപ മുടക്കി ക്ലാർട്ടേഴ്സുകൾ നിർമ്മിച്ചു.

3. ആലപ്പാട് വാർഡ് 1-ൽ ഭദ്രൻമുക്ക് മുതൽ കായൽ തീരം വരെ 2,07,500 രൂപ മുടക്കി റോഡ് നിർമ്മിച്ചു.

4. ഗവൺമെന്റ് ഹൈസ്ക്കൂൾ, ചെറിയഴീക്കലിന് മൂന്ന് (3) ലക്ഷം രൂപ മുടക്കി മിനി സ്റ്റേഡിയം നിർമ്മിച്ചു.

5. പുക്കോട് ക്ഷേത്രം മുതൽ പാട്ടത്തിൽ കടവ് ക്ഷേത്രം വരെ നാലര (4.5) ലക്ഷം രൂപ മുടക്കി റോഡ് മെറ്റലിട്ട് ടാർ ചെയ്തു.

6. മെയിൻ റോഡ് മുതൽ കാവിൽ കടവ് വരെ 3.75 ലക്ഷം രൂപ മുടക്കി റോഡ് നവീകരണം നടത്തി.

7. പൊള്ളപ്പുറം വിമലാസ് പ്ലോട്ടുമുതൽ കടത്തു കടവ് വരെ 3.5 ലക്ഷം രൂപ മുടക്കി റോഡ് നിർമ്മിച്ചു.

8. ചെറിയഴീക്കൽ എൽ.പി.എസ്.മുതൽ ആലിൻകടവ് വരെ 2.5 ലക്ഷം രൂപ മുടക്കി റോഡ് നിർമ്മിച്ചു.

9. എം. സി. എച്ച്. സെന്റർ വെള്ളനാതുരുത്തിൽ 4,99,990 രൂപ മുടക്കി കെട്ടിടം നിർമ്മിച്ചു. (പ്രോജക്ട് 1)

10. എം. സി. എച്ച്. സെന്റർ വെള്ളനാതുരുത്തിൽ 4,99,990 രൂപ മുടക്കി കെട്ടിടം നിർമ്മിച്ചു. (പ്രോജക്ട് 2)

11. വെള്ളനാതുരുത്തിൽ ട്യൂബ്വെൽ നിർമ്മിച്ചു. ചെലവ് 1,96,031 രൂപ.

12. പൊൻമന, കരിത്തുറ, വെള്ളനാതുരുത്ത് (പൊൻമന, ചവറ, ആലപ്പാട് പഞ്ചായത്ത്) എന്നീ എം.സി.എച്ച്. സെന്ററുകളിലെ ജീവനക്കാർക്ക് ശംബളം ഇനത്തിൽ 4,69,891 രൂപ ചിലവഴിച്ചു.

13. ചവറ, നീണ്ടകര സെന്ററുകളിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ച ഡോക്ടർമാർക്ക് ശംബളം ഇനത്തിൽ 1,84,401 രൂപ ചിലവഴിച്ചു.

14. മാനസിക വൈകല്യമുള്ള കുട്ടികൾക്കായി നടത്തുന്ന സ്കൂളിന് ബസ്സ് വാടക ഇനത്തിൽ 2,10,000 രൂപ ചിലവഴിച്ചു.

15. പൊൻമന, കരിത്തുറ, വെള്ളനാതുരുത്ത് (പൊൻമന, ചവറ, ആലപ്പാട് പഞ്ചായത്ത്) എന്നീ എം.സി.എച്ച്. സെന്ററുകളിൽ മരുന്നു വാങ്ങുന്നതിലേക്ക് 4,50,983 രൂപ ചെലവഴിച്ചു.

16. സുനാമി ദുരന്തത്തിനുശേഷം ആലപ്പാട് പഞ്ചായത്തിൽ വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട് അറ്റകുറ്റപ്പണിക്കും മറ്റുമായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, സബ് ഡിവിഷൻ കരുനാഗപ്പള്ളിയുടെ കീഴിൽ 12,99,730 രൂപ ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly